(3) പഷ്ണിത്തോട് (പള്ളിത്താഴം) പാലം പുതുക്കിപ്പണിയൽ

ശ്രീ. എ. സി. ജോസ് : എന്റെ നിയോജകമണ്ഡലത്തിലെ ഒരു പ്രശ്നം ഉന്നയിക്കാനാഗ്രഹിക്കുകയാണ്. പറവൂരിനെ ബാഹ്യലോകവുമായി ബന്ധിപ്പിക്കുന്ന ഒരു ചെറിയ പാലമാണ് പള്ളാതുരുത്തി പാലം. ആ പാലത്തിന്റെ പണിയെക്കുറിച്ച് ധാരാളം പ്രാവശ്യം മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ഇന്ന് അത് പൊളിഞ്ഞ് കിടക്കുകയാണ്. അതിൽക്കൂടി വാഹനങ്ങൾക്ക് പോകാൻ നിവൃത്തിയില്ലാതായിരിക്കുകയാണ്. ഒരു ഡീവിയേഷൻറൂട്ട് ഉണ്ടായിരിക്കുകയാണ്. വളരെ നിസ്സാരമായ തുകകൊണ്ട് നടക്കുന്ന ഒരു പ്രശ്നമാണ്. അത് കഴിയുന്നത്രവേഗം ചെയ്ത് തീർക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) : സർ, ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കഴിഞ്ഞ കൊല്ലംതന്നെ ഇതിന്റെ പ്രവർത്തനത്തിനുവേണ്ടി ടെൻഡർ വിളിച്ചിരുന്നു. അന്ന് 75,000 രൂപയേ ബഡ്ജറ്റിൽ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ പത്തുലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ 14 ലക്ഷംരൂപയുടെ എസ്റ്റിമേറ്റ് ഉണ്ടാക്കി. ഒരു കമ്മ്യൂഷൻ ഗവൺമെന്റിന് കിട്ടിയിട്ടുണ്ട്. ഈ അടിസ്ഥാനത്തിൽ കഴിയുന്നതുംവേഗം അതിന് എ. എസ്. കൊടുക്കാൻ നടപടിയെടുത്തുവരികയാണ്.

(4) കൊട്ടാരക്കരയിൽ ക്ഷയരോഗാശുപത്രി പ്രത്യേകം സ്ഥാപിക്കൽ

ശ്രീ. സി. കെ. തങ്കപ്പൻ : കൊട്ടാരക്കരയിൽ ക്ഷയരോഗികളേയും അല്ലാത്ത രോഗികളേയും ഒരേ ആശുപത്രിയിൽ ചികിത്സിക്കുന്ന അപകടസ്ഥിതിയുണ്ട്. ആ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുകയാണ്. 20 വർഷത്തിനുമുമ്പ് തുടങ്ങിയ ആശുപത്രിയുടെ തിണ്ണയിലും അകത്തും വരാന്തയിലും ആയിട്ട് ആയിരക്കണക്കിന് രോഗികൾ കിടക്കുകയാണ്. അതിന്റെ ഒരുഭാഗത്ത് 150 ക്ഷയരോഗികളെ കിടത്തി ചികിത്സിക്കുന്നു. ഇതിന്റെ അടുത്തുള്ള പഞ്ചായത്തുകളെല്ലാം പ്രമേയം പാസ്സാക്കി ക്ഷയരോഗാശുപത്രി സ്ഥാപിക്കുന്നതിന് സൗജന്യമായി സ്ഥലം കൊടുക്കാമെന്ന് പറഞ്ഞതാണ്. അതിനടുത്തുള്ള താമസക്കാർക്കുപോലും ക്ഷയരോഗം പകരുന്നുണ്ട്. ക്ഷയരോഗികൾ ഉൾപ്പെടെയുള്ള രോഗികൾ വിസർജ്ജിക്കുന്ന വസ്തുക്കൾ അടുത്തുള്ള വീടുകളുടെ മദ്ധ്യത്തിൽകൂടി ഒഴുക്കിവിടുന്നതുകൊണ്ട് അവിടെയുള്ള ഡോക്ടർമാർക്കും ജീവനക്കാർക്കും രോഗം പകരുന്നുണ്ട്. അതുകൊണ്ട് ക്ഷയരോഗാശുപത്രി കൊട്ടാരക്കരയിൽ പ്രത്യേകമായിട്ട് സ്ഥാപിച്ച് ഇവരെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : കൊട്ടാരക്കര ആശുപത്രിയോടനുബന്ധിച്ച് അവിടെ ഒരു സാനിട്ടോറിയം അതായത് ക്ഷയരോഗികളെ താൽക്കാലികമായി കിടത്തി ചികിത്സിക്കാനുള്ള സംവിധാനമാണ് അവിടെയുള്ളത്. അതേയവസരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly